ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം
# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ 5027/സി.പി.എസ്.ടി. ബി2/2015 / നി.സെ.

തിരുവനന്തപുരം,
23.11.2015.

## <u>വിജ്ഞാപനം</u>

വിഷയം:- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സ് - തിരുവനന്തപുരം കേന്ദ്രത്തിൽ 2015 ഡിസംബർ 12, 13 തീയതികളിൽ നടക്കുന്ന രണ്ടാം ഘട്ട സമ്പർക്ക പഠന ക്ലാസ്സുകളും, സർട്ടിഫിക്കറ്റ് പരിശോധനയും സംബന്ധിച്ച്.

കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് 2015 ബാച്ചിന്റെ രണ്ടാം ഘട്ട സമ്പർക്ക പഠന ക്ലാസ്സ് **2015 ഡിസംബർ 12, 13** തീയതികളിൽ രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5 മണി വരെ നിയമസഭാ സമുച്ചയത്തിലെ 5-ഇ കോൺഫറൻസ് ഹാളിൽ വച്ച് നടത്തുന്നതാണ്.

സർട്ടിഫിക്കറ്റ് കോഴ്സിന് അഡ്മിഷൻ ലഭിച്ചവരിൽ, അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ് എന്നിവ അടച്ച് ഡി.ഡി/പേ ഇൻ സ്ലിപ് എന്നിവ ഹാജരാക്കിയിട്ടുള്ള പഠിതാക്കൾക്ക് മാത്രമേ സമ്പർക്ക പഠന ക്ലാസിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുകയുള്ളൂ.

സമ്പർക്ക പഠന ക്ലാസിൽ പങ്കെടുക്കുന്ന പഠിതാക്കൾ സർട്ടിഫിക്കറ്റ് കോഴ്സിന്റെ തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൈവശം വയ്ക്കേണ്ടതാണ്. ഇനിയും യോഗ്യതാ സർട്ടിഫിക്കറ്റുകൾ പരിശോധനക്കായി ഹാജരാക്കാത്ത പഠിതാക്കൾ കോഴ്സിന്റെ പ്രവേശനത്തിനായി നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഒറിജിനലും, ഒരു പകർപ്പും സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

പി.ഡി. ശാരംഗധരൻ
സെക്രട്ടറി